## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5707 — 24.05.2017 ൽ മറുപടിയ്ക്ക്

### മാവേലി സ്റ്റോറുകളിലും സിവിൽ സപ്ലൈസിന്റെ ഔട്ട് ലെറ്റുകളിലും ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് മാവേലി സ്റ്റോറുക ളിലും സിവിൽ സപ്ലൈസിന്റെ ഔട്ട് ലെറ്റുകളിലും ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) നടപടി സ്വീകരിച്ചിട്ടുണ്ട്. മാവേലി സ്റ്റോറുകളിലും സിവിൽ സപ്ലൈസിന്റെ ഔട്ട് ലെറ്റുകളിലും ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുവാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനും വില നിലവാരം പിടിച്ചു നിറുത്തുന്നതിനും വേണ്ടി 13 ഇനം ആവശ്യസാധനങ്ങൾ സബ്സിഡി നിരക്കിൽ സപ്ലൈകോ വില്പനശാലകൾ വഴി വിറ്റുവരുന്നു. സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 28 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതു ജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. അരിവില നിയന്ത്രിക്കുന്നതിനും അരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും, വില വർദ്ധനവ് തടയുന്നതിനുമായി സംസ്ഥാനമൊട്ടാകെ അരിക്കട ഫെയറുകൾ ആരംഭിച്ചിട്ടുണ്ട്. എഫ്.സി.ഐ. ൽ നിന്നും ഇ-ഓക്ഷൻ മുഖേന പുഴുക്കലരി, പച്ചരി എന്നിവ സംഭരിക്കുകയും വിൽപ്പന ശാലകൾ വഴി സബ്സിഡി നിരക്കിൽ, യഥാക്രമം 25/-, 23/- രൂപ ക്രമത്തിൽ വിതരണം നടത്തുകയും ചെയ്യുന്നു. ഓയിൽ പാം ഇൻഡ്യയുമായി സഹകരിച്ച് കുട്ടനാടൻ മട്ട അരി 33/- രൂപയ്ക്ക് വിപണനം നടത്തുന്നു. കൂടുതൽ വിൽപ്പന |

ശാലകൾ വഴി മിതമായ നിരക്കിൽ വിപണിയിൽ കൂടുതൽ സാധനങ്ങൾ എത്തിച്ച് ദൗർലഭ്യം ഒഴിവാക്കുകയും ആദിവാസി തീരദേശ മേഖലകളിൽ നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിനായി 22 സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളും പ്രവർത്തിച്ചു വരികയും ചെയ്യുന്നു. യഥാർത്ഥ ഉപഭോക്താവിന് അവശ്യ സാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡുകൾ വഴി നിയന്ത്രിച്ചിട്ടുണ്ട്. അരിയും പലവ്യഞ്ജനങ്ങളും കൂടാതെ എഫ്.എം.സി.ജി. സാധനങ്ങളും എം.ആർ.പി. യേക്കാൾ 5 മുതൽ 30 ശതമാനം വരെ വിലകുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. പൊതു വിപണിയിലേതിനേക്കാൾ 20 ശതമാനം വരെ വിലക്കുറവിൽ തേയില, കാപ്പി, കറിപൗഡറുകൾ, കായം, വാളൻപുളി, ഏലം, അപ്പംപൊടി, പുട്ടുപൊടി എന്നിവ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ "ശബരി" എന്ന പേരിൽ വിപണിയിൽ വിൽപ്പന നടത്തിവരുന്നു. ഉത്സവകാലങ്ങളിലെ വില വർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവകാല ചന്തകൾ നടത്തി വരുന്നു. ഇതിനു പുറമേ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി ഡിപ്പോതലത്തിൽ ക്വാളിറ്റി കൺട്രോൾ കമ്മിറ്റിയും പ്രവർത്തിക്കുന്നുണ്ട്.

(ബി) സ്റ്റോക്കില്ലായ്മയ്ക്കനുസരിച്ച് സാധനങ്ങൾ ലഭ്യമാക്കുന്നതിൽ പലപ്പോഴും അധികൃതരുടെ ഭാഗത്തു നിന്നും കാര്യക്ഷമമായ നടപടി ഉണ്ടാകാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനാവശ്യമായ പരിഹാര നടപടി എടുക്കുമോ;

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആവശ്യമായ അളവിൽ ഉപഭോക്താക്കൾക്ക് നിത്യോപയോഗ സാധനങ്ങൾ എത്തിക്കാൻ കാര്യക്ഷമമായ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

(സി) മാവേലി സ്റ്റോറുകളിൽ സാധനങ്ങൾ അടുക്കും ചിട്ടയുമായി സ്റ്റോക്ക് ചെയ്യുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) മാവേലി സ്റ്റോറുകൾ വൃത്തിയായി സൂക്ഷിക്കുകയും സാധനങ്ങൾ അടുക്കും ചിട്ടയുമായി സ്റ്റോക്ക ചെയ്ത് വിൽപ്പന നടത്തുകയും ചെയ്യാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജൂനിയർ മാനേജർമാരും (എം& ഐ), വിജിലൻസ് ഓഫീസറും ഇക്കാര്യം പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിച്ച് വരുന്നു.

(ഡി) ഓരോ മാവേലി സ്റ്റോറിലേയും നഷ്ടമാകുന്നതും കേടാകുന്നതുമായ സാധനങ്ങളുടെ കണക്ക് അധികൃതർ ശേഖരിക്കുന്നുണ്ടോ; എങ്കിൽ അതുമൂലമുണ്ടാകുന്ന നഷ്ടം ശതമാന ക്കണക്കിൽ എത്രയാണ് എന്നറിയിക്കാമോ?

(ഡി) ഓരോ സ്റ്റോറിലും നഷ്ടമാകുന്ന സാധനങ്ങളുടെ കണക്കുകൾ അതാത് ഡിപ്പോതലത്തിൽ ഓഡിറ്റിലൂടെ തിട്ടപ്പെടുത്തി ശേഖരിക്കുന്നുണ്ട്. കേടാകുന്ന സാധനങ്ങളുടെ നിശ്ചിത പരിധിയ്ക്ക് മുകളിലുള്ള വില ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിനാൽ ഇക്കാര്യത്തിൽ കോർപ്പറേഷന് നഷ്ടം സംഭവിക്കുന്നില്ല.

സെക്ഷൻ ഓഫീസർ